# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1** **10.12.2012-ൽ മറുപടിയ്ക്ക്**

## സർക്കാരിന്റെ കർമ്മപരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയുടെ സവിശേഷത ഏഴ് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വികസന പദ്ധതികൾക്ക് രൂപം നൽകി എന്നുള്ളതാണ്. അവ ചുവടെ ചേർക്കുന്നു.<br><br>1. **സുതാര്യം**-അഴിമതിരഹിതവും സുതാര്യവുമായ ഭരണം<br>2. **സുന്ദരം**-മാലിന്യനിർമ്മാർജനവും പരിസ്ഥിതി സംരക്ഷണവും<br>3. **സമൃദ്ധം**-സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ<br>4. **സുദൃഢം**-സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും<br>5. **ആരോഗ്യകരം**-മികച്ച ചികിത്സാ സൗകര്യങ്ങൾ എല്ലാവർക്കും<br>6. **വിവരവിജ്ഞാനാധിഷ്ഠിതം**-വിവര വിജ്ഞാന മേഖലയിൽ കുതിപ്പ്<br>7. **സംതൃപ്തം**-മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും |
| (ബി) | പ്രസ്തുത പരിപാടിയുടെ പരമപ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തിന്റെ ഭരണം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനും, പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള മാലിന്യ നിർമ്മാർജനവും പരിസ്ഥിതി സംരക്ഷണവും നടത്തുക, അഭ്യസ്ഥവിദ്യരുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിച്ച് അതിലൂടെ സാമ്പത്തിക രംഗത്തിന്റെ അതിവേഗ വളർച്ച കൈവരിക്കുക, സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുക, എല്ലാവർക്കും മികച്ച രീതിയിലുള്ള ചികിത്സാ സൗകര്യം നൽകുക, വിവര വിജ്ഞാന മേഖലയിൽ അതിവേഗ വളർച്ച കൈവരിക്കുക, ജനങ്ങളുടെ വികസനവും സുരക്ഷയും ക്ഷേമവും |

| | | | |
|---|---|---|---|
| | | | ഉറപ്പു വരുത്തുക ഇവയാണ് സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയുടെ പരമപ്രധാനമായ ലക്ഷ്യങ്ങൾ. |
| (സി) | പരിപാടിയുടെ ഓരോ വിഭാഗത്തിലും ഉളള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | ഉണ്ട്.<br>ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു. ഇതിൽ **'സുതാര്യ'ത്തിൽ** 27 പരിപാടികൾ പ്രഖ്യാപിച്ചതിൽ 17 എണ്ണം പൂർണ്ണമായി നടപ്പാക്കി, 9 എണ്ണം നടപ്പാക്കി വരുന്നു. **'സുന്ദര'ത്തിൽ** 33 പരിപാടികൾ പ്രഖ്യാപിച്ചതിൽ 12 എണ്ണം പൂർണ്ണമായും നടപ്പാക്കി, 15 എണ്ണം നടപ്പാക്കി വരുന്നു. **'സമൃദ്ധ'ത്തിൽ** 110 പരിപാടികൾ പ്രഖ്യാപിച്ചതിൽ 72 എണ്ണം നടപ്പാക്കി, 35 എണ്ണം നടപ്പാക്കി വരുന്നു. **'സുദൃഢ'ത്തിൽ** 193 പദ്ധതികളിൽ 87 എണ്ണം പൂർണ്ണമായി നടപ്പാക്കി, 91 എണ്ണം നടപ്പാക്കി വരുന്നു. **'ആരോഗ്യകര'ത്തിൽ** 36 പരിപാടികൾ പ്രഖ്യാപിച്ചതിൽ 25 എണ്ണം പൂർണ്ണമായി നടപ്പാക്കി, 10 എണ്ണം നടപ്പാക്കി വരുന്നു. **'വിവര വിജ്ഞാനാധിഷ്ഠിത'ത്തിൽ** 35 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 26 എണ്ണം പൂർണ്ണമായി നടപ്പാക്കി, 8 എണ്ണം നടപ്പാക്കി വരുന്നു. **'സംതൃപ്ത'ത്തിൽ** 230 പരിപാടികൾ പ്രഖ്യാപിച്ചതിൽ 135 എണ്ണം പൂർണ്ണമായി നടപ്പാക്കി, 70 എണ്ണം നടപ്പാക്കി വരുന്നു. |
| (ഡി) | കർമ്മ പരിപാടിയിൽ എത്ര ശതമാനം നേട്ടം കൈവരിക്കാനായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**